# നിരാലംബരുടെ തീരാത്ത നടത്തങ്ങൾ

**കൊറോണ** ഭീതിയെ തുടർന്ന് മാർച്ച് 24 മുതൽ 21 ദിവസത്തേക്ക് രാജ്യം സമ്പൂർണ്ണമായി അടച്ചിടാനുള്ള നിർണ്ണായക തീരുമാനം തികച്ചും അപ്രതീക്ഷിതമായ രീതിയിൽ പ്രധാനമന്ത്രി പ്രഖ്യാപിക്കുമ്പോൾ അദ്ദേഹത്തിന് മുൻകൂട്ടി കാണാൻ സാധിക്കാത്ത ഒട്ടേറെ സങ്കീർണ്ണതകൾ ഈ രാജ്യത്ത് നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. അല്ലെങ്കിൽത്തന്നെയും അത്തരത്തിലുള്ള ഒരു ദീർഘദർശിത്വം അശേഷമില്ലാത്ത ഒരു നേതാവണല്ലോ നരേന്ദ്ര മോദി. നോട്ട് അസാധുവാക്കൽ നടപടിയിലൂടെ ഒരിക്കൽ ജനലക്ഷങ്ങളുടെ നടുവൊടിച്ച അതേ യുക്തിരാഹിത്യം തന്നെയാണ് 'ലോക്ഡൗൺ' പ്രഖ്യാപിക്കുമ്പോഴും അദ്ദേഹത്തിൽ പ്രവർത്തിച്ചത്. വേണ്ടത്ര സമയമോ സാഹചര്യമോ നൽകാതെ ഒരു ജനതയ്ക്ക് മേൽ ചില നിർണ്ണായകമായ തീരുമാനങ്ങൾ ദ്രുതഗതിയിൽ അടിച്ചേൽപ്പിക്കുന്നതിനുള്ള അധികാരത്വരയാണ് ആ തീരുമാനങ്ങളേക്കാൾ പ്രധാനമന്ത്രിക്ക് മുഖ്യം. തീർച്ചയായും കൊറോണ എന്ന മഹാമാരിയുടെ പടർന്നുപിടിക്കലിനെ പ്രതിരോധിക്കാൻ സാമൂഹിക അകലം പാലിക്കുക എന്നതുതന്നെയാണ് ഫലപ്രദമായ ഒരു മാർഗ്ഗം. ദേശീയ ദുരന്തനിവാരണ നിയമപ്രകാരം പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗൺ ഒരുപരിധി വരെ വൈറസ് വ്യാപനത്തിന് തടയിടുന്ന ഒരു നടപടിയുമാണ്. പക്ഷെ ഇന്ത്യയെപ്പോലെ വലിയ ജനസംഖ്യയുള്ളതും ഒട്ടേറെ സങ്കീർണ്ണതകൾ നിറഞ്ഞതുമായ ഒരു രാജ്യത്ത് സമ്പൂർണ്ണ ലോക്ഡൗൺ നടപ്പിലാക്കുമ്പോൾ തീർച്ചയായും പല തയ്യാറെടുപ്പുകളും കരുതലുകളും അത്യന്താപേക്ഷിതമാണ്. ഒരു രാജ്യത്തെ എല്ലാ പൗരരോടും വീട്ടിലിരിക്കാൻ പറയുമ്പോൾ വീടില്ലാത്തവരും വീട്ടിലിരിക്കാൻ ഒരു വകയുമില്ലാത്തവരും ഒരുപാടുള്ള ഒരു രാജ്യമാണിത് എന്ന് സർക്കാർ ഓർക്കേണ്ടതായിരുന്നു.

ഒറ്റയടിക്ക് ഇന്ത്യ അടച്ചുപൂട്ടപ്പെട്ടതോടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലുമുള്ള നഗരങ്ങളിൽ തൊഴിലെടുത്തിരുന്ന കുടിയേറ്റ തൊഴിലാളികൾ തീർത്തും നിരാലംബരായിത്തീരുകയും സ്വന്തം നാടുകളിലേക്ക് കാൽനടയായി പലായനം ചെയ്യാൻ തുടങ്ങുകയും ചെയ്തു. എല്ലാം നിശ്ചലമായിക്കഴിഞ്ഞ തെരുവുകളിലൂടെ കാൽനടയായി അഞ്ഞൂറിലധികം കിലോമീറ്റർ പിന്നിട്ട് നാട്ടിലേക്ക് എത്തിച്ചേരാൻ നിശ്ചയിച്ച അവരുടെ ആ നടത്തം ഭരണകൂടത്തിന്റെ മനുഷ്യത്വവിരുദ്ധതയുടെ മുഖമുദ്രയായി ചരിത്രത്തിൽ മായാതെ കിടക്കും. ദില്ലി-യു.പി അതിർത്തിയിൽ ഒരു ബസ്സുകിട്ടുമോ എന്ന് പ്രതീക്ഷിച്ച് കാത്തിരുന്നവരുടെ ആ ദയനീയ ഭാവം ഒരു രാജ്യത്തിന്റെ കെട്ടിച്ചമച്ച പ്രൗഢിക്ക് നേരെയുള്ള ചോദ്യശരങ്ങളാണ്. അപ്രഖ്യാപിത ലോക്ഡൗൺ അങ്ങനെ കുറച്ച് ദിവസങ്ങൾക്കുള്ളിൽ ആഭ്യന്തര അഭയാർത്ഥികൾ എന്ന ഒരു സാമൂഹിക വിഭാഗത്തെ സൃഷ്ടിച്ചു. ഈ പ്രതിസന്ധി മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല, കണ്ടിട്ടുപോലും ഫലപ്രദമായി പ്രതികരിക്കാൻ കൂട്ടാക്കിയതുമില്ല കേന്ദ്ര സർക്കാർ. അവർ ദൂരദർശനിൽ വീണ്ടും രാമായണം കാണുന്ന തിരക്കിലായിരുന്നു. ബാബരി മസ്ജിദ് തകർക്കുന്നതിന് സഹായകമായ സാംസ്കാരിക അന്തരീക്ഷം സംഘപരിവാറിന് ഒരുക്കിക്കൊടുത്ത അതേ ടെലിവിഷൻ പരമ്പര. അയോധ്യയിൽ രാമക്ഷേത്രം നിർമ്മിക്കുന്നതിനായുള്ള എല്ലാ തയ്യാറെടുപ്പുകളും നടക്കുന്ന സമയത്ത് വീണ്ടും അതേ ആയുധവുമായി ലോക്ഡൗൺ കാലത്ത് സ്വീകരണ മുറികളിലേക്ക് എത്താൻ കാണിച്ച ആ തയ്യാറെടുപ്പിന്റെ ഒരു കണികയെങ്കിലും മതിയായിരുന്നു ഈ പലായനങ്ങൾ ഒഴിവാക്കാൻ. പക്ഷെ, സർക്കാരിന്റെ മുൻഗണനകൾ നേരത്തെ നിശ്ചയിക്കപ്പെട്ടിരുന്നല്ലോ. സംഘപരിവാർ രാഷ്ട്രീയത്തിന് ചേരുന്നതരത്തിൽ അയോധ്യ കേസിൽ വിധി പറഞ്ഞ മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയെ ഭരണമുന്നണിയുടെ രാജ്യസഭാംഗമാക്കിയത് ഈ ലോക്ഡൗണിന് തൊട്ടുമുമ്പായിരുന്നല്ലോ.

വിമർശനങ്ങൾ പല കോണുകളിലും നിന്നും ഉയർന്ന ശേഷമാണ് ചില ആശ്വാസ പാക്കേജുകളും ക്ഷമാപണവുമായി കേന്ദ്ര സർക്കാർ രംഗത്തുവരുന്നത്. എന്നാൽ കുടിയേറ്റ തൊഴിലാളികൾക്ക് നേരിടേണ്ടി വന്ന അവസ്ഥകൾക്ക് പരിഹാരം കാണാൻ പര്യാപ്തമായ ഒരു പ്രഖ്യാപനവും ഉണ്ടായില്ല. തൊഴിൽ നഷ്ടപ്പെട്ട് ഗ്രാമങ്ങളിലേക്ക് തിരികെ നടന്ന ഇവർ എങ്ങനെയാണ് ഇനി അവിടെ ജീവിക്കാൻ പോകുന്നത്? ലോക്ഡൗൺ കഴിഞ്ഞാൽ തിരികെയെത്താൻ കഴിയുന്നതരത്തിൽ ഇവർ തൊഴിൽ ചെയ്തിരുന്ന സാഹചര്യങ്ങൾ പുനഃസ്ഥാപിക്കപ്പെടുമോ? തുടങ്ങിയ വളരെ പ്രസക്തമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ശ്രമിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ കോവിഡ് ബാധ തടഞ്ഞു എന്നതുകൊണ്ട് മാത്രം ഈ രാജ്യത്ത് ഒരു ദുരന്തം അവസാനിക്കില്ല. അത്രയ്ക്കും ഗുരുതരമായ ഒരു പ്രതിസന്ധിയാണ് അസംഘടിത മേഖലയിൽ കോവിഡ് അനന്തര കാലത്ത് വരാനിരിക്കുന്നത്. നഗരങ്ങളിലെ തൊഴിലുകൾ ഇല്ലാതായതോടെ ഗ്രാമങ്ങളിലേക്ക് തിരിച്ചുനടന്ന ഈ മനുഷ്യരെ കാത്തിരിക്കുന്നത് തകർന്നടിഞ്ഞ ഗ്രാമീണ കാർഷികമേഖല മാത്രമാണ്. കാർഷിക മേഖലയ്ക്കുണ്ടായിരുന്ന എല്ലാ സഹായങ്ങളും നഗരകേന്ദ്രീകൃത വികസന പദ്ധതികൾക്കായി നീക്കിവച്ചുകൊണ്ട് ഇന്ത്യ ഭരിച്ചവർ ഗ്രാമീണരോട് ചെയ്ത ഒരു വിലയ ചതിയുടെ ബാക്കി പത്രം. തിരിച്ചുനടക്കുമ്പോൾ ഒന്നും അവിടെ കാത്തിരിക്കുന്നില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയായിരിക്കാം അവർ നടന്നുതുടങ്ങിയത്. നഗരം അവർക്ക് താത്കാലിക തൊഴിലിടം മാത്രമായിരുന്നു. വർഷങ്ങളായി അവിടെ പണിയെടുത്തിട്ടും ഒന്നും അവർക്ക് സ്ഥിരമായി ഉണ്ടായിരുന്നില്ല. സ്ഥലപരമായ സത്തയിൽ നിന്നും പൂർണ്ണമായി വിച്ഛേദിക്കപ്പെട്ട ശരീരങ്ങൾ മാത്രമായിത്തീർന്ന് അന്നത്തെ അന്നം കണ്ടെത്താനായി അവർ അധ്വാനിച്ചുകൊണ്ടേയിരുന്നു. ഒരു ദേശരാഷ്ട്രത്ത് ജീവിക്കാൻ വേണ്ട പൗരത്വം എന്ന കർതൃത്വം പോലും നിരസിക്കപ്പെട്ടവരായി അവർ മാറി. പൂർണ്ണ പൗരത്വം ഇല്ലാത്തതുകൊണ്ടാണ് അവർ തിരിച്ചുനടക്കുമ്പോൾ ഒരു ഭരണസംവിധാനവും അവരെ തേടിവരാതിരുന്നത്. 2011 ലെ സെൻസസ് കണക്ക് പ്രകാരം 10 വർഷത്തിനിടയിൽ 3.2 കോടി ജനങ്ങൾക്കാണ് പലവിധ കാരണങ്ങളാൽ കൃഷി ഉപേക്ഷിക്കേണ്ടി വന്നത്. അതായത്, ഓരോ ദിവസം ആയിരത്തിലേറെ ഗ്രാമീണർ ഇന്ത്യയിൽ കൃഷി ഉപേക്ഷിക്കുന്നു. അവരാണ് എന്തെങ്കിലും ഉപജീവനം തേടി നഗരങ്ങളിലേക്ക് കുടിയേറുന്നത്. കോവിഡ് അനന്തരകാലത്ത് സാമ്പത്തിക വളർച്ച വീണ്ടും മന്ദീഭവിക്കുന്നതോടെ നഗരത്തിലെ തൊഴിലവസരങ്ങൾ കുറയുകയും ഗ്രാമങ്ങളിൽ ഉപജീവനമാർഗ്ഗങ്ങൾ ഇല്ലാത്ത സ്ഥിതി സംജാതമാവുകയും ചെയ്യും. നഗരങ്ങളിലേക്ക് ഇനിയും പണമൊഴുക്കി താത്കാലിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കുന്നതായിരിക്കില്ല വരും കാലത്ത് ഒരു ശാശ്വത പരിഹാരം. കാർഷിക മേഖലയുടെ പുനരുജ്ജീവനം തന്നെയാകും ഇവർ അനുഭവിക്കുന്ന പ്രതിസന്ധിക്ക് ഒരു സുസ്ഥിരമായ ഉത്തരം. ഇല്ലെങ്കിൽ ഈ നിരാലംബരുടെ നടത്തം അവസാനിക്കാൻ പോകുന്നില്ല. രാമായണം സീരിയൽ കാണുന്നതിനിടയിൽ ഇക്കാര്യം കൂടി പരിഗണിക്കാൻ ദയവായി സമയം കണ്ടെത്തണം. ■